*******

2015 ജനുവരിയിലെ വകുപ്പ്തല പരീക്ഷയുമായി ബന്ധപ്പെട്ട് സർവ്വീസിലുള്ള അന്ധരായ ഉദ്യോഗസ്ഥർക്കായി നടത്തുന്ന വാചാപരീക്ഷയ്ക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 24.11.2014 തീയതിയിലെ അസാധാരണ ഗസറ്റിലും കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in- ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുള്ള അപേക്ഷയുടെ മാതൃകയിൽ അച്ചടിച്ചതോ ടൈപ്പ് ചെയ്തതോ കമ്മീഷന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തതോ ആയ അപേക്ഷാഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഓരോ പേപ്പറിനും (Free chance ഒഴികെ) 75/- (എഴുപത്തി അഞ്ച്) രൂപ നിരക്കിൽ ഏതെങ്കിലും ഗവൺമെന്റ് ട്രഷറിയിൽ “0051-PSC-105-State PSC-99-Examination Fee” എന്ന അക്കൗണ്ട് ഹെഡിൽ തുക ഒടുക്കിയ അസൽ ചെലാനും കാഴ്ചവൈകല്യം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. 24.12.2014 ബുധനാഴ്ച വൈകുന്നേരം 5 മണി വരെ അപേക്ഷകൾ സ്വീകരിക്കും. അപേക്ഷകൾ ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം – 695004 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.